പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം-നം.2644

19.6.2014 ൽ
മറുപടിക്ക്

## സ്കൂൾ കോളേജ് തലത്തിൽ അഡീഷണൽ സ്കിൽ പ്രോഗ്രാമുകൾ

ചോദ്യം

ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി.

മറുപടി

ശ്രീ. പി. കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| (എ) കുട്ടികളുടെ അഭിരുചി സ്കൂൾ തലത്തിൽ തന്നെ കണ്ടെത്തുന്നതിനും തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുന്നതിനും സ്കൂൾ കോളേജ് തലത്തിൽ അഡീഷണൽ സ്കിൽ പ്രോഗ്രാമുകൾ ആവിഷ്കരിച്ചിട്ടുണ്ടോ ; (ബി) പ്രസ്തുത പ്രോഗ്രാമുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (എ) യും (ബി) യും | ഉണ്ട്. വിദ്യാർത്ഥികളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാനായി പൊതു-ഉന്നത വിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി. ഈ പദ്ധതി ലക്ഷ്യമാക്കുന്നത് ഹയർ സെക്കന്ററി - ബിരുദതല വിദ്യാർത്ഥികളെയാണ്. പഠനത്തോടൊപ്പം വിവിധ തൊഴിൽ മേഖലകളിൽ നൈപുണ്യം നൽകുന്നതാണ് പദ്ധതി. 2012-13 ൽ 102 സ്ഥാപനങ്ങളിലായി 3200 വിദ്യാർത്ഥികൾക്കും 2013-14 ൽ 437 സ്ഥാപനങ്ങളിലായി 14000 കുട്ടികൾക്കും തൊഴിൽ പരിശീലനം നൽകി വരികയാണ്. പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, വിവര സാങ്കേതിക വിദ്യ, ഇഷ്ടമുള്ള ഒരു തൊഴിൽ മേഖല എന്നിവയിൽ വിവിധ വ്യവസായ സ്ഥാപനങ്ങളുടെ സഹായത്തോടെ പരിശീലനം നൽകിവരുന്നു. ഇതിനകം 437 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ ഭാഗമായിട്ടുണ്ട്. |
| (സി) മെഡിക്കൽ,എഞ്ചിനീയറിംഗ്, സിവിൽ സർവ്വീസ് എന്നിവയ്ക്കുള്ള പരിശീലനം സ്കൂൾ തലത്തിൽ തന്നെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ? | (സി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ